ചീഫ് എഞ്ചിനീയറുടെ കാര്യാലയം,ജലസേചനവും ഭരണവും, തിരുവനന്തപുരം

ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം

(ഹാജർ - എം.ശിവദാസൻ .)

വിഷയം : ജലസേചനം - വിജിലൻസ് - ശ്രീ. അഭിലാഷ്.എൽ, (പെൻ നം.825101) ലസ്കർ, ഇറിഗേഷൻ സെക്ഷൻ, ചങ്ങനാശ്ശേരി - ശൂന്യവേതനാവധി കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കാത്തത് - സർവ്വീസിൽ നിന്നും നീക്കം ചെയ്യ്ത് ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവാകുന്നു.

പരാമർശം: 1 07/03/2022 തീയതിയിലെ തിരുവനന്തപുരം, ഇറിഗേഷൻ സൗത്ത് സർക്കിൾ, സൂപ്രണ്ടിങ് എഞ്ചിനീയറുടെ EB3-5993/2021/Vig (2 ) നമ്പർ കത്ത്.

2 തിരുവനന്തപുരം, ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 05/02/2023 തീയതിയിലെ ഇതേ നമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും.

3 14/06/2024 തീയതിയിലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

4 08/07/2024 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

**ഉത്തരവ് നം.CEIA/1311/2022-VIG2 തീയതി - 15-10-2024**

ചങ്ങനാശ്ശേരി ഇറിഗേഷൻ സെക്ഷൻ കാര്യാലയത്തിൽ ലസ്കർ ആയി ജോലി നോക്കി വരവെ ശ്രീ.അഭിലാഷ്.എൽ (പെൻ നം.825101)-ന് ചങ്ങനാശ്ശേരി ഇറിഗേഷൻ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 17/04/2021 തീയതിയിലെ എ1-105/2004 നമ്പർ ഉത്തരവ് പ്രകാരം 17/04/2021 FN മുതൽ 14/07/2021 AN വരെ വിദേശയാത്രയ്ക്കായി 89 ദിവസത്തേക്ക് ശൂന്യവേതനാവധി അനുവദിച്ചു. അനുവദിച്ച ശൂന്യവേതനാവധി 14/07/2021 തീയതിയിൽ പൂർത്തിയാകുകയും 15/07/2021 തീയതിയിൽ ടിയാൻ തിരികെ ജോലിയിൽ പ്രവേശിക്കേണ്ടതുമായിരുന്നു. എന്നാൽ പ്രസ്തുത തീയതിയിൽ ടിയാൻ ജോലിയിൽ പുനഃപ്രവേശിക്കുകയുണ്ടായില്ല. 15/07/2021 തീയതി മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതിന് ടിയാനെതിരെ തുടർനടപടി സ്വീകരിക്കുവാൻ പരാമർശം (1) തിരുവനന്തപുരം, ഇറിഗേഷൻ സൗത്ത് സർക്കിൾ, സൂപ്രണ്ടിങ് എഞ്ചിനീയർ ശുപാർശ ചെയ്തിരുന്നു.

പ്രസ്തുത സാഹചര്യത്തിൽ, ടിയാനെതിരെ 1960 - ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാതിരിക്കാൻ കാരണം കാണിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (2) പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും ടിയാന്റെ ലഭ്യമായ മേൽവിലാസത്തിൽ നൽകിയിരുന്നു. ആയത് "Unclaimed" എന്ന കാരണം രേഖപ്പെടുത്തി തപാൽ വകുപ്പ് അധികാരി തിരികെ ലഭ്യമാക്കിയിരുന്നു.

തുടർന്ന് കൊല്ലം ജില്ലയിൽ പ്രചാരമുള്ള മാതൃഭൂമി പത്രത്തിൽ 2023 മെയ് 20 ന് വിൻഡോ പരസ്യം നൽകി, 15 ദിവസങ്ങൾക്കുള്ളിൽ മറുപടി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ അതിനുശേഷവും ടിയാനിൽ നിന്നും യാതൊരു മറുപടിയും ലഭ്യമാകാത്ത സാഹചര്യത്തിൽ, ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ, 1960 - ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി, റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 03/03/2024 തീയതിയിലെ ഇതേ നമ്പർ ഉത്തരവ് പ്രകാരം കോട്ടയം, കുട്ടനാട് ഡെവലപ്പ്മെന്റ് സർക്കിൾ കാര്യാലയത്തിലെ സീനിയർ

സൂപ്രണ്ടായ ശ്രീ.മനോജ്.ജി -യെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിരുന്നു. 14/06/2024 തീയതിയിൽ അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച അന്വേഷണ റിപ്പോർട്ടിൽ, ഇറിഗേഷൻ സബ് ഡിവിഷൻ, ചങ്ങനാശ്ശേരി ഓഫീസിലെ രേഖകളിൽ നിന്നും ശ്രീ.അഭിലാഷ്.എൽ - ന്റെ നിലവിലെ മേൽവിലാസം ഇറ്റലിയിലേതാണെന്നും ലഭ്യമായ ഫോൺ നമ്പറിൽ ബന്ധപ്പെട്ടപ്പോൾ കോവിഡുമായി ബന്ധപ്പെട്ട സമയമായതിനാൽ വളരെയധികം പരിശ്രമിച്ചിട്ടും ടിയാന് ഇറ്റലിയിൽ നിന്നും നാട്ടിൽ വരാൻ സാധിക്കാതെ പോയതാണെന്നു അറിയിച്ചിട്ടുള്ള വിവരവും, നിലവിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ് ഡിവിഷൻ, ചങ്ങനാശ്ശേരി 17/04/2021 മുതൽ അനുവദിച്ച 89 ദിവസത്തെ ശൂന്യവേതനാവധിക്കു ശേഷം ടിയാൻ ഇതുവരെ ജോലിയിൽ ഹാജരായിട്ടില്ല എന്ന് കാണുന്നതായും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തിരുന്നു.

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ അനുവദിച്ച ശൂന്യവേതനാവധി 14/07/2021 തീയതിയിൽ അവസാനിച്ചെങ്കിലും യഥാസമയം സർവ്വീസിൽ പുന:പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുന്ന ശ്രീ.അഭിലാഷ്.എൽ - നെ 15/07/2021 മുതൽ സർവ്വീസിൽ നിന്നും നീക്കംചെയ്യുവാൻ താല്കാലികമായി തീരുമാനിച്ചു കൊണ്ട് പരാമർശം (4) പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് രജിസ്റ്റേർഡ് തപാലായി ടിയാന്റെ ലഭ്യമായ മേൽവിലാസത്തിൽ അയച്ചിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് 18/07/2024 തീയതിയിൽ കൈപ്പറ്റിയിട്ടും ടിയാനിൽ നിന്നും യാതൊരു മറുപടിയും നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമായിട്ടില്ല.

പ്രസ്തുത സാഹചര്യത്തിൽ, ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ, ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ലസ്കറായ ശ്രീ. അഭിലാഷ്.എൽ, (പെൻ നം. 825101)-നെ 15/07/2021 മുതൽ സർവ്വീസിൽ നിന്നും നീക്കംചെയ്യുവാനുള്ള താല്കാലിക തീരുമാനം സ്ഥിരപ്പെടുത്തികൊണ്ട്, ടിയാനെതിരെയുള്ള അച്ചടക്ക നടപടി അവസാനിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

Signed by
ചീഫ് എഞ്ചിനീയർ
Sivadasan M
Date: 15-10-2024 08:07:53

സ്വീകർത്താവ്

ശ്രീ.അഭിലാഷ്.എൽ
പാലവിളവീട്, കരിക്കുഴി
പടപ്പക്കര പി.ഒ
കൊല്ലം - 691503

പകർപ്പ്:-

1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ സൗത്ത് സർക്കിൾ, തിരുവനന്തപുരം.
2. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഭരണം, തിരുവനന്തപുരം, ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയറുടെ കാര്യാലയം
3. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഐ.ടി സെൽ (ഇറിഗേഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ സബ് ഡിവിഷൻ, ചങ്ങനാശ്ശേരി.
5. വിജിലൻസ് 8 സീറ്റ്.